**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2474** **04-03-2025 - ൽ മറുപടിയ്ക്ക്**

**സ്വർണ്ണത്തിന്റെ ചരക്ക് നീക്കത്തിന് ഇ-വേ ബിൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2025 ജനുവരി 1 മുതൽ 10 ലക്ഷമോ അതിന് മുകളിലോ മൂല്യമുള്ള സ്വർണ്ണത്തിന്റെയും മറ്റ് വിലയേറിയ രത്നങ്ങളുടെയും (എച്ച്.എസ്.എൻ ചാപ്റ്റർ 71) സംസ്ഥാനത്തിന് അകത്തുള്ള ചരക്ക് നീക്കത്തിന് ഇ-വേ ബിൽ നിർബന്ധമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | 10 ലക്ഷമോ അതിനു മുകളിലോ മൂല്യമുള്ള സ്വർണത്തിന്റെയും മറ്റ് വിലയേറിയ രത്നങ്ങളുടെയും സംസ്ഥാനത്തിന് അകത്തുള്ള ചരക്ക് നീക്കത്തിന് ഇ-വേ ബിൽ 2025 ജനുവരി 1 മുതൽ ഏർപ്പെടുത്തിക്കൊണ്ട് ഡിസംബർ 27-ലെ 10/2024 നമ്പർ വിജ്ഞാപനം ചെയ്യുകയും എന്നാൽ ഇ-വേ ബില്ല് പോർട്ടലിൽ ചില സാങ്കേതിക പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് 2025 ജനുവരി 8-ലെ 01/2025- നമ്പർ വിജ്ഞാപനപ്രകാരം ഇത് നീട്ടി വയ്ക്കുകയും പ്രശ്നങ്ങൾ പരിഹരിച്ച് 2025 ജനുവരി 17-ലെ 02/2025-നമ്പർ വിജ്ഞാപനപ്രകാരം 2025 ജനുവരി 20 മുതൽ പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്തിട്ടുണ്ട്. |
| (ബി) | ഇപ്രകാരം സംസ്ഥാനത്തിന് അകത്തുള്ള ചരക്ക് നീക്കം സപ്ലൈയ്ക്കായാലും സപ്ലൈ അല്ലാത്ത കാര്യങ്ങൾക്കായാലും (എക്സിബിഷൻ, ജോബ് വർക്ക്, ഹാൾമാർക്കിംഗ് തുടങ്ങിയവ) രജിസ്ട്രേഷൻ ഇല്ലാത്ത വ്യക്തിയിൽ നിന്ന് വാങ്ങുന്ന സന്ദർഭത്തിലായാലും രജിസ്ട്രേഷനുള്ള വ്യക്തി അല്ലെങ്കിൽ സ്ഥാപനമാണ് പ്രസ്തുത ചരക്ക് നീക്കം നടത്തുന്നതെങ്കിൽ 2025 ജനുവരി 01 മുതൽ ചരക്ക് നീക്കം നടത്തുന്നതിന് മുൻപ് ഇ-വേ ബില്ലിന്റെ പാർട്ട്-എ ജനറേറ്റ് ചെയ്യേണ്ടതാണോ; വിശദമാക്കാമോ? | (ബി) | സംസ്ഥാനത്തിന് അകത്തുള്ള ചരക്ക് നീക്കം സപ്ലൈക്കായാലും സപ്ലൈ അല്ലാത്ത കാര്യങ്ങൾക്കായാലും (എക്സിബിഷൻ, ജോബ് വർക്ക്, ഹാൾമാർക്കിംഗ് തുടങ്ങിയവ) രജിസ്ട്രേഷൻ ഇല്ലാത്ത വ്യക്തിയിൽ നിന്ന് വാങ്ങുന്ന സന്ദർഭത്തിലായാലും രജിസ്ട്രേഷനുള്ള വ്യക്തി അല്ലെങ്കിൽ സ്ഥാപനമാണ് പ്രസ്തുത ചരക്ക് നീക്കം നടത്തുന്നതെങ്കിൽ 2025 ജനുവരി 17-ലെ 02/2025-നമ്പർ വിജ്ഞാപന പ്രകാരം 2025 ജനുവരി 20 മുതൽ ചരക്ക് നീക്കം നടത്തുന്നതിന് മുൻപ് ഇ-വേ ബില്ലിന്റെ പാർട്ട് എ ജനറേറ്റ് ചെയ്യേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ